**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 123** **02-02-2024 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക-സാമൂഹിക സുരക്ഷ ഉറപ്പ് വരുത്തുന്നതിന് പ്രത്യേക ഡയറി പാക്കേജുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. എ. രാജ,<br>ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തോട്ടം മേഖലയിലെയും മത്സ്യ, കയർ മേഖലകളിലെയും തൊഴിലാളി കുടുംബങ്ങളുടെ സാമ്പത്തിക-സാമൂഹിക സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി പ്രത്യേകമായ ഡയറി പാക്കേജുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതി പ്രവർത്തനവും ഉദ്ദേശ്യലക്ഷ്യങ്ങളും വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ തോട്ടം, മത്സ്യ, കയർ മേഖലകളിലെ തൊഴിലാളികൾക്കായി 2023 – 24 സാമ്പത്തിക വർഷം മുതൽ പ്രത്യേക ഡയറി പാക്കേജുകൾ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്.<br><br>സംസ്ഥാനത്തെ തോട്ടം മേഖലയിലെ തൊഴിലാളികളുടെ സാമൂഹ്യവും സാമ്പത്തികവുമായ ഉന്നമനം ലക്ഷ്യമിട്ടുകൊണ്ട് 'ക്ഷീരലയം' എന്ന പദ്ധതിയ്ക്കായി 44 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 80% സബ്സിഡിയോടു കൂടി അനുവദിക്കുന്ന ഈ പദ്ധതിയിൽ പശു, കാലിത്തൊഴുത്ത്, ഡയറി ഫാമിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ, തീറ്റപ്പുൽകൃഷി, കാലിത്തീറ്റ എന്നിങ്ങനെ വിവിധങ്ങളായ ഘടക പദ്ധതികൾക്കായിട്ടാണ് ധനസഹായം നൽകുന്നത്. തോട്ടം മേഖലയിലെ തൊഴിലാളികൽക്കായി പ്രത്യേകം നടപ്പാക്കുന്ന ഈ പദ്ധതിയിൽ അടുത്തുള്ള ലയങ്ങളിൽ ഉൾപ്പെട്ടതും പശുവളർത്തലിൽ താൽപര്യം ഉള്ളതുമായ 10 കർഷകരെ കണ്ടെത്തി ഒരു കമ്മ്യൂണിറ്റി കാലിത്തൊഴുത്ത് നിർമ്മിച്ച് ആയതിന് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ നൽകി കൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഓരോ ലയത്തിലും ആകെ ചെലവഴിക്കുന്ന അടങ്കൽ തുകയായ 13.78 ലക്ഷം രൂപയുടെ 80 ശതമാനമായ 11 ലക്ഷം രൂപ ധനസഹായത്തോടെ ആണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ വയനാട്, ഇടുക്കി എന്നീ ജില്ലകളിൽ നടപ്പിലാക്കുന്നു.<br><br>തീരദേശത്തെയും, കയർ മേഖലകളിലെയും തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക ഭദ്രത |

| | | | |
|---|---|---|---|
| | | | ഉറപ്പ് വരുത്തുന്നതിനായി 64.50 ലക്ഷം രൂപ വകയിരുത്തി 'ക്ഷീരതീരം പദ്ധതി' 2023 -24 സാമ്പത്തികവർഷം മുതൽ ആരംഭിച്ചു. 60% ധനസഹായം അനുവദിക്കുന്ന ഈ പദ്ധതിയിൽ പശു, കാലിത്തൊഴുത്ത്, ഡയറി ഫാമിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, കാലിത്തീറ്റ, ഇൻഷ്വറൻസ്, തീറ്റപ്പുൽകൃഷി തുടങ്ങി മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള വിവിധ ഘടകപദ്ധതികൾക്കായി സബ്സിഡി അനുവദിക്കുന്നു. |
| (ബി) | ക്ഷീര സംരംഭകർക്കായി ഡയറി യൂണിറ്റുകളും യുവാക്കൾക്കായി സ്മാർട്ട് ഡയറി ഫാം പദ്ധതിയും നടപ്പാക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | ക്ഷീര സംരംഭകർക്കായി 2 പശു ഡയറി യൂണിറ്റ്, 5 പശു ഡയറി യൂണിറ്റ്, 10 പശു ഡയറി യൂണിറ്റ്, 20 പശു ഡയറി യൂണിറ്റ് എന്നിങ്ങനെ 33% സബ്സിഡി അനുവദിച്ച് കൊണ്ട് ക്ഷീരമേഖലയിലേയ്ക്ക് പുതിയതായി കടന്നു വരുന്നവരെയും നിലവിൽ ക്ഷീര മേഖലയിൽ പ്രവർത്തിക്കുന്നവരെയും സഹായിക്കുന്നതിനായി പ്രത്യേക ഘടക പദ്ധതികൾ ഉൾപ്പെടുത്തി കൊണ്ട് ഡയറി യൂണിറ്റുകൾ അനുവദിച്ച് ക്ഷീരവികസനവകുപ്പ് നടപ്പിലാക്കി വരുന്നു.<br><br>40 വയസ്സിനു താഴെയുള്ളവരും, 50 സെന്റിൽ തീറ്റപ്പുൽകൃഷി നടപ്പിലാക്കാൻ സ്ഥലസൗകര്യമുള്ളവരും, 10 പശുക്കളെ വളർത്തുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യമുള്ളവരും, ശാസ്ത്രീയമായ കാലിത്തൊഴുത്തും, ആധുനിക പശു പരിപാലനത്തിനാവശ്യമായ സൗകര്യമുള്ളവർക്കും മുൻഗണന നൽകി കൊണ്ട് യുവസംരംഭകർക്കായി സ്മാർട്ട് ഡയറി ഫാം പദ്ധതി 2023-24 സാമ്പത്തിക വർഷം വകുപ്പ് നടപ്പിലാക്കുന്നു. 40% ധനസഹായത്തോടുകൂടിയുള്ള ഈ പദ്ധതിക്കായി 23.20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# വിശദീകരണകുറിപ്പ്

(എ) സംസ്ഥാനത്തെ പാൽ ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും, ക്ഷീരമേഖലയുടെ സമഗ്ര വളർച്ച ഉറപ്പാക്കുന്നതിനായി ഓരോ പ്രത്യേക പ്രദേശം/മേഖല തെരെഞ്ഞെടുത്തുകൊണ്ട് വിവിധങ്ങളായ പദ്ധതികൾ വകുപ്പ് നടപ്പിലാക്കി വരുന്നു . ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ തോട്ടം, മത്സ്യ, കയർ മേഖലകളിലെ തൊഴിലാളികൾക്കായി 2023 — 24 സാമ്പത്തിക വർഷം മുതൽ പ്രത്യേക ഡയറി പാക്കേജുകൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു.

സംസ്ഥാനത്തെ തോട്ടം മേഖലയിലെ തൊഴി ലാളികളുടെ സാമൂഹ്യവും സാമ്പത്തികവുമായ ഉന്നമനം ലക്ഷ്യമിട്ടുകൊണ്ട് 'ക്ഷീരലയം' എന്ന പദ്ധതിയ്ക്കായി 44 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 80% സബ്സിഡിയോട്ടു കൂടി അനുവദിക്കുന്ന ഈ പദ്ധതിയിൽ പശു, കാലിത്തൊഴുത്ത്, ഡയറി ഫാമിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ, തീറ്റപ്പുൽകൃഷി, കാലിത്തീറ്റ എന്നിങ്ങനെ വിവിധങ്ങളായ ഘടക പദ്ധതികൾക്കായിട്ടാണ് ധനസഹായം നൽകുന്നത്. തോട്ടം മേഖലയിലെ തൊഴിലാളികൾക്കായി പ്രത്യേകം നടപ്പാക്കുന്ന ഈ പദ്ധതിയിൽ അടുത്തുള്ള ലയങ്ങളിൽ ഉൾപ്പെട്ടതും പശുവളർത്തലിൽ താത്പര്യമുള്ളതുമായ 10 കർഷകരെ കണ്ടെത്തി ഒരു കമ്മ്യൂണിറ്റി കാലിതൊഴുത്ത് നിർമ്മിച്ച് ആയതിന് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ നൽകി കൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഓരോ ലയത്തിലും ആകെ ചെലവഴിക്കുന്ന അടങ്കൽ തുകയായ 13.78 ലക്ഷം രൂപയുടെ 80 ശതമാനമായ 11 ലക്ഷം രൂപ ധനസഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

ഈ പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ വയനാട്, ഇടുക്കി എന്നീ ജില്ലകളിൽ നടപ്പിലാക്കുന്നു.

തീരദേശത്തെയും, കയർ മേഖലകളി ലെയും തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക ഭദ്രത ഉറപ്പ് വരുത്തുന്നതിനായി 64.50 ലക്ഷം രൂപ വകയിരുത്തി ക്ഷീരതീരം പദ്ധതി 2023 -24 സാമ്പത്തികവർഷം മുതൽ ആരംഭിച്ചു. 60% ധനസഹായം അനുവദിക്കുന്ന ഈ പദ്ധതിയിൽ പശു, കാലിത്തൊഴുത്ത്, ഡയറി ഫാമിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, കാലിത്തീറ്റ, ഇൻഷ്വറൻസ്, തീറ്റപ്പുൽകൃഷി തുടങ്ങി മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള വിവിധ ഘടകപദ്ധതികൾക്കായി സബ്സിഡി അനുവദിക്കുന്നു.

(ബി) ക്ഷീര സംരംഭകർക്കായി 2 പശു ഡയറി യൂണിറ്റ്, 5 പശു ഡയറി യൂണിറ്റ്, 10 പശു ഡയറി യൂണിറ്റ്, 20 പശു ഡയറി യൂണിറ്റ് എന്നിങ്ങനെ 33% സബ്സിഡി അനുവദിച്ച് കൊണ്ട് ക്ഷീരമേഖലയിലേയ്ക്ക് പുതിയതായി കടന്നു വരുന്നവരെയും നിലവിൽ ക്ഷീര മേഖലയിൽ പ്രവർത്തിക്കുന്നവരെയും സഹായി ക്കുന്നതിനായി പ്രത്യേക ഘടക പദ്ധതികൾ ഉൾപ്പെടുത്തി കൊണ്ട് ഡയറി യൂണിറ്റുകൾ അനുവദിച്ച് വകുപ്പ് നടപ്പിലാക്കി വരുന്നു.

യുവ സംരംഭകരെ ക്ഷീര മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന് വേണ്ടിയാണ് പ്രസ്തുത സ്മാർട്ട് ഡെയറി ഫാം എന്ന പദ്ധതി നടപ്പിലാക്കുന്നത്. 40 വയസ്സിനു താഴെയുള്ളവരും, 50 സെന്റിൽ തീറ്റപ്പുൽകൃഷി നടപ്പിലാക്കാൻ സ്ഥലമുള്ളവരും, 10 പശുക്കളെ വളർത്തുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യമുള്ളവരും, ശാസ്ത്രീയമായ കാലിത്തൊഴുത്തും, ആധുനിക പശു പരിപാലനത്തിനാവശ്യമായ സൗകര്യമുള്ളവർക്കും മുൻഗണന നൽകി കൊണ്ട് യുവസംരംഭകർക്കായി സ്മാർട്ട് ഡയറി ഫാം പദ്ധതി 2023-24 സാമ്പത്തിക വർഷം വകുപ്പ് നടപ്പിലാക്കുന്നു. ആകെ പദ്ധതിയുടെ അടങ്കൽ തുകയായ 11.60 ലക്ഷം രൂപയുടെ 40% (പരമാവധി 4.64 ലക്ഷം രൂപ) ഈ പദ്ധതിയിലൂടെ ധനസഹായമായി അനുവദിക്കുന്നുണ്ട്. ബാങ്ക് ലോൺ എടുത്ത് നടപ്പിലാക്കുന്ന പദ്ധതി നിലവിൽ 5 ജില്ലകളിലാണ് പരിക്ഷണാടിസ്ഥാനത്തിൽ നടത്തുന്നത്. 10 പശു യൂണിറ്റ്, ടി ഉരുക്കൾക്കുള്ള ഇൻഷുറൻസ് പരിരക്ഷ, കറവയന്ത്രം, ചാഫ് കട്ടർ, ബയോഗ്യാസ്, 50 സെന്റിൽ കുറയാത്ത പുൽകൃഷി, ഫാമിന്റെ യന്ത്രവത്ക്കരണം, പരിസ്ഥിതിയ്ക്കും ഉരുക്കൾക്കും അനുയോജ്യമായ തൊഴുത്തും മറ്റ് ഉപകരണങ്ങളും, മലിനീകരണം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ, മറ്റ് ആവശ്യാധിഷ്ഠിത ധനസഹായങ്ങൾ, ഫാം ലൈസൻസിംഗിനുള്ള സഹായം, ഒരു മാസത്തെ തീറ്റചെലവിനും മറ്റുമുള്ള വർക്കിംഗ് ക്യാപിറ്റൽ എന്നിവയാണ് ഈ പദ്ധതിയിലെ പ്രധാന ഘടകങ്ങൾ. ഈ പദ്ധതിയുടെ സ്വീകര്യാത കണക്കിലെടുത്ത് അടുത്ത സാമ്പത്തിക വർഷം കൂടുതൽ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഈ പദ്ധതിക്കായി 23.20 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതികളുടെ നിർവ്വഹണം പുരോഗമിച്ചുവരികയാണ്.